(2) പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം ബസ്സുകളിലും, ബസ് സ്റ്റേഷനുകളിലും നടപ്പിലാക്കുവാൻ തീരുമാനിച്ചു;

(3) ബസ്സിനുള്ളിൽ hanging hanger -ൽ പരസ്യം അനുവദിക്കുന്നത് പരിഗണനയിലാണ്.

ജലഗതാഗത വകുപ്പിന്റെ കീഴിൽ കാർഗോ സർവ്വീസുകൾ

9 (*549) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. മുരളി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ കാർഗോ സർവ്വീസ്സുകൾ നടത്തുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ പുതിയ കാർഗോബോട്ട് സർവ്വീസുകൾ നടത്താൻ പരിപാടിയിട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എവിടെയൊക്കെ കാർഗോ ബോട്ട് സർവ്വീസുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ജലഗതാഗത വകുപ്പ് ഇപ്പോൾ ഏതൊക്കെ മേഖലകളിലാണ് വിനോദസഞ്ചാരാധിഷ്ഠിതമായ ബോട്ട് സർവ്വീസുകൾ നടത്തുന്നത് ;

(ഇ) നടപ്പ് വർഷം ഇത്തരത്തിൽ ഏതൊക്കെ പുതിയ ബോട്ട് സർവ്വീസുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) കാർഗോ സർവ്വീസ്, വിനോദ സഞ്ചാരാധിഷ്ഠിതമായ ബോട്ട് സർവ്വീസുകൾ എന്നിവയിലൂടെ പ്രതിവർഷം ജലഗതാഗതവകുപ്പിന് എത്ര കോടി രൂപയുടെ വരുമാനം നേടാനാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) ഇല്ല.

(ബി & സി) നിലവിൽ പാസഞ്ചർ സർവീസ്സുകൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടിയാണ് പ്ലാൻ ഹെഡ്ഡിലെ തുക വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. നിലവിലുള്ള അടിസ്ഥാന സൗകര്യം കുറ്റമറ്റതാക്കുമ്പോൾ, ദേശീയ ജലപാതയുടെ പൂർത്തീകരണത്തോടുകൂടി കാർഗോ സർവ്വീസിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

(ഡി) കൊല്ലം-ആലപ്പുഴ മേഖലകളിൽ രണ്ട് ബോട്ടുകൾ വിനോദ സഞ്ചാരാധിഷ്ഠിത സർവ്വീസുകൾ നടത്തിവരുന്നു.

(ഇ) 'സീ കുട്ടനാട്' എന്ന പേരിൽ ഡബിൾ ഡെക്കർ ബോട്ട് ഉപയോഗിച്ച് ആലപ്പുഴയിൽ നിന്നും ഒരു സർവ്വീസ് ഈ വർഷം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കാർഗോ സർവ്വീസ് രംഗത്തേയ്ക്ക് വകുപ്പ് നാളിതുവരെ പ്രവേശിച്ചിട്ടില്ല. വിനോദസഞ്ചാരാധിഷ്ഠിത സർവ്വീസുകൾ വഴി ഏകദേശം 25 ലക്ഷം രൂപയാണ്, വകുപ്പ് പ്രതിവർഷം വരുമാനം പ്രതീക്ഷിക്കുന്നത്.

പാഠ പുസ്തക പരിഷ്ക്കരണ സമിതി ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ

10 (*550) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ (എസ്. സി. ഇ. ആർ. ടി) ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പാഠ്യ പദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സമിതി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) നടപ്പുവർഷം സമിതി നടത്താൻ ലക്ഷ്യമിട്ടിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണ് ;

(ഡി) അദ്ധ്യാപക പരിശീലനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സമിതി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സ്കൂൾ പാഠ്യപദ്ധതി, അധ്യാപക പരിശീലന പാഠ്യപദ്ധതി എന്നിവയുടെ രൂപീകരണം, പ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള പാഠപുസ്തകങ്ങൾ, അധ്യാപകസഹായി എന്നിവ തയ്യാറാക്കൽ, പ്രീ-പ്രൈമറി പാഠ്യപദ്ധതി രൂപീകരണം, പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലംവരെയുള്ള സംസ്ഥാനതല അധ്യാപക പരിശീലനം ആസൂത്രണം ചെയ്യൽ, സ്കൂൾ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കൽ തുടങ്ങിയവയാണ് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) യുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005-നേയും കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007-നേയും അടിസ്ഥാനമാക്കി ഒന്നു മുതൽ പത്തുവരെ ക്ളാസ്സുകളിലെ സിലബസ് പുർത്തിയാക്കുകയും പാഠപുസ്തക രചനയ്ക്ക് പശ്ചാത്തലമൊരുക്കുകയും ചെയ്തു. ഒന്നു മുതൽ ഒമ്പതുവരെ ക്ളാസ്സുകളിലെ പാഠപുസ്തകങ്ങളും അധ്യാപകസഹായികളും രൂപപ്പെടുത്തി. ഈ അധ്യയന വർഷം അടുത്ത വർഷത്തേയ്ക്കാവശ്യമായ 10-ാം തരത്തിലെ പാഠപുസ്തക പരിഷ്ക്കരണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly